**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിലെ മുൻ യു.ഡി. ക്ലാർക്ക് ശ്രീ. കെ. ഉണ്ണി - യ്ക്ക് എതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**60/2026/LSGD** തീയതി,തിരുവനന്തപുരം, **08-01-2026**

---

പരാമർശം:-

1. കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ **24/03/2009** ലെ **A3-4513/08** നമ്പർ കത്ത്.
2. ബദിയടുക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ **04/11/2013** ലെ **SC2/7907/17** നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ **13/07/2022** തീയതിയിലെ ഡി**9-49/2019** നമ്പർ കുറ്റാരോപണ മെമ്മോ.
4. ശ്രീ. ഉണ്ണി കെ. സമർപ്പിച്ച **27/08/2022** തീയതിയിലെ പ്രതിവാദ പത്രിക.
5. കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ **31.10.2022**-ലെ **DDP-KSD/878/2022-SC5** നമ്പർ കത്ത്.
6. കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ **10/07/2024** തീയതിയിലെ **LSGD/JD/KSD/554/2023-A2** നമ്പർ കത്ത്.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **08/10/2024** തീയതിയിലെ **LSGD/PD/7836/2023-VIGE4** നമ്പർ കത്ത്.
8. **23/12/2024** തീയിതിയിലെ ഇപിബി**3/191/2024**/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
9. ശ്രീ. ഉണ്ണി കെ. **06/02/2025** തീയതിയിൽ സമർപ്പിച്ച മറുപടി.
10. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **24/04/2025** തീയതിയിലെ **LSGD/PD/7836/2023-VIGE4** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസറഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിലെ ചടയ്ക്കൽ നഴ്സറി സ്കൂളിന് വേണ്ടി ഗ്യാസ് കണക്ഷൻ എടുത്തതുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് ശ്രീ.ബി.എം.ഹനീഫ് നൽകിയ പരാതിയിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി വിജിലൻസ് ഡയറക്ടർ പ്രസ്തുത പരാതി പഞ്ചായത്ത് ഡയറക്ടർക്ക് കൈമാറിയിരുന്നു.

**2.** ടി പരാതിയിന്മേൽ കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം **(1)** പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, **2006-07** ലെ പ്രൊജക്സ് നമ്പർ **81/06-07** പ്രകാരം ചടയ്ക്കൽ നഴ്സറി സ്കൂളിന് ഗ്യാസ് കണക്ഷൻ നൽകാനായി **9800/-** രൂപ ചെലവഴിച്ചതായും എന്നാൽ ഇത് സംബന്ധിച്ചുള്ള പ്രൊജക്ടോ, വൌച്ചറോ, ട്രഷറിയിൽ ഇത് നൽകിയ ബില്ലോ ലഭ്യമായിട്ടില്ല എന്നും പ്രസ്തുത നഴ്സറി സ്കൂളിനു മേൽ ഗ്യാസ് കണക്ഷൻ ലഭ്യമായിട്ടില്ല എന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

**3.** ബദിയടുക്ക ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം **(2)** പ്രകാരം സമർപ്പിച്ച കത്തിൽ, **2006-07** വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ **089/06-07** പ്രകാരം ചടക്കൽ നഴ്സറി സ്കൂളിൽ ഗ്യാസ് കണക്ഷന് **30.03.2007** ന് കാസറഗോഡ് സബ് ട്രഷറിയിൽനിന്നും ബിൽ ബുക്ക് ക്രമ നമ്പർ **98**, ട്രഷറി ടോക്കൺ നമ്പർ **1390**, ചെല്ലാൻ നമ്പർ **52015189** പ്രകാരം **9800/-**രൂപ, യു.ഡി ക്ലർക്ക് ശ്രീ.കെ ഉണ്ണി പിൻവലിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നിർദ്ദേശം നൽകുകയും ശ്രീ.കെ ഉണ്ണി -യെ നേരിൽ കേട്ടപ്പോൾ ടിയാൻ ടി തുക പലിശ സഹിതം ഒടുക്കാമെന്നു അറിയിച്ചതായി പരാമർശം**(7)** പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചതിനാൽ ശ്രീ.കെ ഉണ്ണിക്കെതിരെ ഗുരുതരമായ കൃത്യവിലോപത്തിന് **1960** ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **16** പ്രകാരം പരാമർശം **(3)** കുറ്റാരോപണ മെമ്മോ നൽകി പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

**4.** മേൽ കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ഉണ്ണി കെ. പരാമർശം **(4)** പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ, മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം പലിശ സഹിതം രണ്ട് ഗഡുക്കളായി അടവാക്കുവാനുള്ള അനുമതി നൽകണമെന്ന അപേക്ഷിക്കുകയുണ്ടായി. ആയതിനാൽ വിഷയം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് പരാമർശം **(5)** പ്രകാരം കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

**5.** എന്നാൽ പരാമർശം **(6)** പ്രകാരം കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, മേൽ തുക പലിശ സഹിതം നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ലെന്നും ശ്രീ.കെ. ഉണ്ണി **31.05.2024** ന് മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ നിന്നും സെക്രട്ടറിയായി വിരമിച്ചിട്ടുള്ളതാണെന്നും, ആയതിനാൽ ബാധ്യതാ തുക ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കുന്നതിന് മലപ്പുറം ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയതായും അറിയിക്കുകയുണ്ടായി. ബദിയഡുക്ക ഗ്രാമപഞ്ചായത്ത് മുൻ സീനിയർ ക്ലാർക്ക് ശ്രീ.കെ. ഉണ്ണി-യ്ക്കെതിരെയുള്ള അച്ചടക്ക നടപടി ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ, സർക്കാർ തലത്തിൽ തുടരുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(7)** പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

**6.** തുടർന്ന്, മേൽ ക്രമക്കേട് നടന്ന് **4** വർഷം പിന്നിട്ട സാഹചര്യത്തിൽ **31.05.2024** ന് വിരമിച്ച ബദിയഡുക്ക ഗ്രാമപഞ്ചായത്ത് മുൻ സീനിയർ ക്ലാർക്ക് ശ്രീ.കെ. ഉണ്ണി - യ്ക്കെതിരെ **KSR Part III** ചട്ടം **59**(ബി) പ്രകാരം പ്രതിമാസപെൻഷനിൽ നിന്നും **200/-**രൂപ ആജീവനാന്തം

കുറയ്ക്കുവാൻ തീരുമാനിച്ച് സർക്കാർ പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ പരാമർശം (9) പ്രകാരം സമർപ്പിച്ച മറുപടിയിൽ, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം പലിശ സഹിതംതിരികെ അടച്ചിട്ടുണ്ടെന്നും തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

7. പ്രസ്തുത മറുപടിയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം (10) റിപ്പോർട്ട് പ്രകാരം, ശ്രീ.ഉണ്ണി കെ. 16/12/2024 ൽ ബദിയടുക്ക ഗ്രാമ പഞ്ചായത്തിൽ നേരിട്ട് ഹാജരായി, ചിലവഴിച്ച അടങ്കൽ തുക 9,800/-രൂപയും ടി തുകയുടെ 2008 ജനുവരി മുതൽ 2024 ഡിസംബർ വരെയുള്ള കാലയളവിലെ 18% പലിശ ഇനത്തിൽ 29,988/-രൂപയും ഉൾപ്പെടെ ആകെ 39,788/-രൂപ രസീത് നമ്പർ 1240602094 തീയതി 16/12/2024 പ്രകാരവും, 2007 ഏപ്രിൽ മുതൽ ഡിസംബർ വരെ 9 മാസ കാലയളവിലെ പലിശ ഇനത്തിൽ 1,323/-രൂപ രസീത് നമ്പർ 1240603974 തീയതി 05/02/2025 പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്നും ബാധ്യതയായി തിട്ടപ്പെടുത്തിയ തുകയും 2024 ഡിസംബർ വരെയുള്ള നിയമാനുസൃത പലിശയും ഉൾപ്പെടെ ആകെ 41,111/-രൂപ ടിയാൻ ഒടുക്കിയിട്ടുള്ള സാഹചര്യത്തിൽ ഉചിതമായ തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായം അറിയിക്കുകയുണ്ടായി

8. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം പലിശ സഹിതം തിരിച്ചടച്ചുവെങ്കിലും ബദിയഡുക്ക ഗ്രാമപഞ്ചായത്തിലെ ചടയ്ക്കൽ നഴ്സറി സ്കൂളിന് വേണ്ടി ഗ്യാസ് കണക്ഷൻ എടുത്തതുമായി ബന്ധപ്പെട്ട വിഷയത്തിൽ ബദിയഡുക്ക ഗ്രാമപഞ്ചായത്തിലെ യു.ഡി.ക്ലർക്ക് ശ്രീ.കെ ഉണ്ണി-ക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നതിനാൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാളുടെ പ്രതിമാസപെൻഷനിൽ നിന്നും 200/-രൂപ ആജീവനാന്തം കുറയ്ക്കുവാൻ തീരുമാനിച്ച് KSR Part III ചട്ടം 59 (ബി) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. ഉണ്ണി കെ. മുൻ യു.ഡി. ക്ലർക്ക്, ബദിയഡുക്ക ഗ്രാമപഞ്ചായത്ത്, കാസർഗോഡ്. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം..
5. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കാസറഗോഡ്.
6. വിജിലൻസ് (ഡി) വകുപ്പ് *(16/12/2025 തീയതിയിലെ VIG-D2/409/2025-VIG നമ്പർ കുറിപ്പ് പ്രകാരം).*
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/191/2024/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 08-01-2026 12:53:53

സെക്ഷൻ ഓഫീസർ